പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 717** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന താഴെ പറയുന്ന വിപുലമായ പദ്ധതികളും സംവിധാനങ്ങളും നടപ്പാക്കിവരുന്നു:

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി: എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ₹10,000/- വരെ സൗജന്യ ചികിത്സ നൽകുന്നു. ബി.പി.എൽ വിഭാഗത്തിന് സർക്കാർ ആശുപത്രികൾ വഴി സൗജന്യ ചികിത്സയും ലഭ്യമാക്കുന്നു. ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ, ലാബ് പരിശോധനകൾ, അത്യാവശ്യ ചികിത്സാ ഉപകരണങ്ങൾ, ആംബുലൻസ്/വാഹന വാടക, സൗജന്യ ഭക്ഷണമില്ലാത്തയിടങ്ങളിൽ രോഗിക്ക് പ്രതിദിനം ₹150/- ഉം കൂട്ടിരിപ്പുകാരന് ₹200/- ഉം ഭക്ഷണച്ചെലവിനത്തിൽ ഈ പദ്ധതി വഴി അനുവദിക്കുന്നു.
2. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ : വിദൂര ആദിവാസി ഊരുകളിൽ ചികിത്സ നേരിട്ടെത്തിക്കുന്നതിന് വകുപ്പിന്റെ നേരിട്ടുള്ള 3 യൂണിറ്റുകളും (നെടുമങ്ങാട്, മൂലമറ്റം, അട്ടപ്പാടി), കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 11 ജില്ലകളിലായി പ്രവർത്തിക്കുന്ന 14 യൂണിറ്റുകളും ഉൾപ്പെടെ ആകെ 17 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ജി.പി.എസ് നിരീക്ഷണത്തോടെ സേവനം നടത്തുന്നു. ഇവയിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലാബ് പരിശോധനാ സൗകര്യവും ലഭ്യമാണ്.
3. ക്ലിനിക്കുകളും ഡിസ്പെൻസറികളും : പ്രാഥമിക ചികിത്സയ്ക്കായി 5 അലോപ്പതി ഒ.പി ക്ലിനിക്കുകൾ, ആറളത്ത് ഒരു ആയുർവേദ ആശുപത്രി, സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികൾ, 3 Auxiliary Nurse Midwife (ANM) സെന്ററുകൾ എന്നിവ വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്നു.
4. ആംബുലൻസ് സേവനം : അത്യാഹിത ഘട്ടങ്ങളിൽ രോഗികളെ കോളനികളിൽ നിന്ന് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനും തിരികെ എത്തിക്കുന്നതിനുമായി വയനാട് (6 എണ്ണം), അട്ടപ്പാടി (1 എണ്ണം) എന്നിവിടങ്ങളിലായി വകുപ്പിന്റെ കീഴിൽ 7 ആംബുലൻസുകൾ പ്രവർത്തിക്കുന്നു.

5. ജനനീ ജന്മരക്ഷാ പദ്ധതി : മാതൃ-ശിശു ആരോഗ്യം സംരക്ഷിക്കുന്നതിനും നവജാത ശിശുമരണം തടയുന്നതിനുമായി ഗർഭസ്ഥ ശിശുവിന്റെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം ₹2000/-നിരക്കിൽ 18 മാസം ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു.
6. സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം : 8 ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള 930 സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്നിനും പോഷകാഹാരത്തിനുമായി പ്രതിമാസം ₹2500/- വീതം ധനസഹായം നൽകുന്നു. ഇവരുടെ വരുമാനദായക പ്രവർത്തനങ്ങൾക്കായി ₹2,00,000/- വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.
7. മന്ത്രിയുടെ ദുരിതാശ്വാസനിധി : ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് ₹1,00,000/- വരെയും, മറ്റ് രോഗങ്ങൾക്ക് ₹50,000/- വരെയും, ഏക വരുമാനദായകൻ മരണപ്പെട്ടാൽ ₹2,00,000/-വരെയും അടിയന്തര ധനസഹായം അനുവദിക്കുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, രോഗികളെ ആശുപത്രിയിലെത്തിക്കൽ, ആക്സിഡന്റ് റിലീഫ് എന്നിവയ്ക്കും സഹായം നൽകുന്നു.
8. ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി: പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ട്രൈബൽ മേഖലയിലെ ആരോഗ്യകേന്ദ്രങ്ങളിൽ നിയമിക്കുകയും, ഇതുവഴി ഊരുകളിലെ ജനങ്ങൾക്ക് ഭാഷാ-സാംസ്കാരിക തടസ്സങ്ങളില്ലാതെ മെച്ചപ്പെട്ട പ്രാഥമിക ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.
9. കാറ്റാടി (KATADI) പദ്ധതി: ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് വൈകല്യങ്ങൾ ലഘൂകരിക്കുന്നതിനായി കോഴിക്കോട് CRC യുമായി ചേർന്ന് വീൽചെയർ, ശ്രവണ സഹായി തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നു (വയനാട്, കോഴിക്കോട് ജില്ലകളിൽ ആദ്യഘട്ടമായി 63 പേർക്ക് വിതരണം ചെയ്തു).
10. മാനസികാരോഗ്യവും പോഷകാഹാര ഏകോപനവും: വയനാട് ജില്ലയിൽ IMHANS മുഖേന 'ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്' വഴി ഊരുകളിലെത്തി മാനസികാരോഗ്യ പരിചരണവും പുനരധിവാസവും നൽകുന്നു. അട്ടപ്പാടി ഉൾപ്പെടെയുള്ള മേഖലകളിൽ ആരോഗ്യ-പോഷക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി UNICEF സഹായത്തോടെ 'ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷൻ കൺസൾട്ടന്റ്' പ്രവർത്തിക്കുന്നു.

**(ബി)** ഇത്തരം പ്രദേശങ്ങളിൽ നിന്ന് രോഗികളെ അടിയന്തരമായി ആശുപത്രികളിലെത്തിക്കുന്നതിനായി മതിയായ ആംബുലൻസ് സേവനം നിലവിലുണ്ടോ;

**മറുപടി:** ഉണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ നിന്ന് രോഗികളെ അടിയന്തരമായി ആശുപത്രികളിലെത്തിക്കുന്നതിനായി വകുപ്പിന് കീഴിൽ താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്:

1. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വയനാട് ഐ.ടി.ഡി.പി, സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, മാനന്തവാടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് (ഓരോയിടത്തും 2 വീതം - ആകെ 6 എണ്ണം), അട്ടപ്പാടി ഐ.ടി.ഡി.പി (1 എണ്ണം) എന്നിവിടങ്ങളിലായി 7 ആംബുലൻസുകൾ പ്രവർത്തിച്ചു വരുന്നു. രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും ചികിത്സ കഴിഞ്ഞ് തിരികെ എത്തിക്കുന്നതിനും ഇവ ഉപയോഗിക്കുന്നുണ്ട്.
2. കൂടാതെ, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിനും, തിരികെ വീടുകളിലെത്തിക്കുന്നതിനും, മരണമടയുന്നവരുടെ മൃതദേഹം എത്തിക്കുന്നതിനും ആവശ്യമായി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക അനുവദിച്ചു നൽകുന്നുണ്ട്.

3. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി വഴിയും രോഗികളെ സമീപത്തെ ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകിവരുന്നു.

**(സി)** അടിയന്തര ആരോഗ്യസേവനങ്ങൾക്കായി കൂടുതൽ ആംബുലൻസുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ടെലിമെഡിസിൻ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** പട്ടികവർഗ്ഗ മേഖലകളിലെ അടിയന്തര ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് മുഖേന ഇതിനകം തന്നെ വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ: വിദൂര ആദിവാസി ഊരുകളിൽ നേരിട്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ കീഴിൽ 3 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും (മൂലമറ്റം, നെടുമങ്ങാട്, അട്ടപ്പാടി), KMSCL മുഖേന 11 ജില്ലകളിലായി 14 യൂണിറ്റുകളും ഉൾപ്പെടെ ആകെ 17 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ജി.പി.എസ് സംവിധാനത്തോടെ ഷെഡ്യൂൾ പ്രകാരം പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനവും ലാബ് പരിശോധനാ സൗകര്യങ്ങളും ലഭ്യമാണ്.
2. പ്രാഥമിക ശുശ്രൂഷകൾക്കായി 5 അലോപ്പതി ഒ.പി ക്ലിനിക്കുകളും, ഒരു ആയുർവേദ ആശുപത്രിയും, 17 ആയുർവേദ ഡിസ്പെൻസറികളും, 3 ANM സെന്ററുകളും വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.
3. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ആവശ്യകത പരിശോധിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും കൂടുതൽ ആംബുലൻസുകൾ ഏർപ്പെടുത്തുന്നതും, ആരോഗ്യ വകുപ്പുമായി ഏകോപിപ്പിച്ച് ടെലിമെഡിസിൻ അടക്കമുള്ള ആധുനിക ആരോഗ്യ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**